ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.**DTETVM/4455/2024-EB5 (EB)** തീയതി:**10-07-2026**

## <u>സർക്കുലർ</u>

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറേറ്റ്, തിരുവനന്തപുരം - ജീവനക്കാര്യം (ബി) വിഭാഗം - **2026-2027** അദ്ധ്യയന വർഷത്തിൽ ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച്-

സൂചന :- **1.G.O (P)No.29/2021/Fin Dated:11.02.2021.**
**2.26.06.2025** തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ 2026-2027 അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ട്രേഡ്സ്മാൻ , ട്രേഡ് ഇൻസ്ട്രക്ടർ, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ, സർക്കാർ പോളിടെക്നിക് കോളേജ് അധ്യാപകർ , സർക്കാർ എൻജിനിയറിംഗ് കോളേജ് അധ്യാപകർ എന്നീ വിഭാഗങ്ങളിലെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിലും , സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ , സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിലും ഫൈൻ ആർട്സ് കോളേജുകളിലെ അധ്യാപക / അനധ്യാപക തസ്തികകളിലും മൂന്നു മാസത്തിൽ കൂടുതൽ ഒഴിവ് നിലനില്ക്കുന്നെങ്കിൽ , അക്കാദമിക താല്പര്യം പരിഗണിച്ച് എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് മുഖേന നിയമനം നടത്തുന്നതുന്നതിന് നടപടി എടുക്കേണ്ടതും ടി. തസ്തികകളിൽ ഉദ്യോഗാർഥിയെ ലഭിക്കുന്നതിന് കാലതാമസമുണ്ടായാൽ സ്ഥിരം നിയമനം നടക്കുന്നത് വരെയോ എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് വഴി ഉദ്യോഗാർഥിയെ ലഭിക്കുന്നത് വരെയോ , അദ്ധ്യയന വർഷം ആരംഭത്തിൽ തന്നെ താല്ക്കാലിക ഗസ്റ്റ് നിയമനം , ദിവസ വേതന അടിസ്ഥാനത്തിൽ മേൽ സൂചന സർക്കാർ ഉത്തരവ് അനുസരിച്ച് നടത്താവുന്നതാണ്.

2025-2026 അദ്ധ്യയന വർഷം മുതൽ താല്ക്കാലിക നിയമനങ്ങളുടെ സാധൂകരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ അതതു റീജിയണൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർമാർക്കു നല്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ഇത്തരം താല്ക്കാലിക നിയമനങ്ങൾ അംഗീകരിക്കപ്പെട്ട സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് മാത്രമായിരിക്കണം . ഗസ്റ്റ് നിയമനത്തിന് വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട താല്ക്കാലിക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് മുൻപ് ടി. തസ്തികകൾ 2026-2027 വർഷത്തിൽ സ്ഥാപനത്തിന് അനുവദനീയമാണോ , നിയമനം നടത്താവുന്നതാണോ എന്നത് സംബന്ധിച്ച് ഡയറക്ടറേറ്റിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കണം.ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നവരുടെ പ്രായപരിധി 56 വയസ്സിൽ കൂടാൻ പാടുള്ളതല്ല.

താല്ക്കാലിക നിയമനത്തിനായി റീജിയണൽ ഓഫീസുകളിലേക്ക് അയയ്ക്കുന്ന നിശ്ചിത അപേക്ഷയിൽ വിവരങ്ങൾ വളരെ ശ്രദ്ധയോടെ നല്കേണ്ടതാണെന്നും വേതനം സംബന്ധിച്ച് സ്പാർക്കിൽ നല്കുന്ന വിവരങ്ങൾ പ്രകാരം വേതനം നല്കുവാൻ സ്ഥാപന മേധാവി ബാധ്യസ്ഥനാണെന്നും അറിയിക്കുന്നതിനോടൊപ്പം നിയമനത്തിന് സാധൂകരണം നല്കുന്നതിന് വേണ്ടിയുള്ള കത്തുകൾ മാത്രം ടി. കാര്യാലയങ്ങളിലേക്ക് അയയ്ക്കുവാൻ ശ്രദ്ധിക്കണമെന്ന് നിർദേശിക്കുകയും ചെയ്യുന്നു.

ഇപ്രകാരം താല്ക്കാലിക നിയമനം നടത്തുകയാണെങ്കിൽ പ്രസ്തുത നിയമനം സാധൂകരിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ,അനുബന്ധമായ രേഖകൾ സഹിതം ( പത്ര മാധ്യമങ്ങളിൽ നല്കിയ പരസ്യം , ഉദ്യോഗാർഥികളുടെ യോഗ്യത , റാങ്ക് പട്ടിക , നിയമന ഉത്തരവ് എന്നിവയുടെ പകർപ്പുകൾ) ടി. കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതാണ്. സാധൂകരണത്തിനായി ഓരോ തസ്തികയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നല്കേണ്ടതാണ്. ബന്ധപ്പെട്ട ഡയറക്ടറേറ്റുകളിൽ നിന്നും സാധൂകരണം ലഭിച്ചതിന് ശേഷം മാത്രമേ വേതനം നല്കുവാൻ പാടുള്ളൂ എന്നറിയിക്കുന്നു.

Digitally signed by
Jayaprakash P
Date: 13-07-2026
12:01:43

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

**1.**ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

**2.** കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.